LIBRARY ARCHIVES Kerala Legislative Assembly

കാലവർഷക്കെടുതികളിലെ നാശനഷ്ടം

111 (7408) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12-ലും 2012-13-ലും 2013-14-ലും കാലവർഷക്കെടുതികളിൽ ഓരോ ജില്ലയിലും എത്ര തുകയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട് ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും ഓരോ ജില്ലയിലും എത്ര തുക വീതം നഷ്ടപരിഹാരം വിതരണം ചെയ്യുകയുണ്ടായി ;

(സി) 2011-12-ലും 2012-13-ലും 2013-14-ലും സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും എത്ര തുക വീതം ഓരോ ജില്ലയ്ക്കും അനുവദിച്ചെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2011-12-ലും 2012-13-ലും 2013-14-ലും കാലവർഷക്കെടുതികളിൽ ഓരോ ജില്ലയിലും സംഭവിച്ച കൃഷിനാശത്തിന്റെ കണക്കും നഷ്ടപരിഹാരത്തുക വിതരണം ചെയ്തതിന്റെ കണക്കും അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(സി) 2011-12-ലും 2012-13-ലും 2013-14-ലും സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനായി ഓരോ ജില്ലയ്ക്കും അനുവദിച്ചതും വിതരണം ചെയ്തതുമായ തുകയുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

കാർഷിക മേഖലയിൽ കാർഷിക വിദ്യാഭ്യാസം

112 (7409) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ പ്രഗൽഭരെ സൃഷ്ടിക്കുന്ന കാർഷിക വിദ്യാഭ്യാസം സംസ്ഥാനത്ത് മെച്ചപ്പെടുത്തേണ്ട ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കാർഷിക വിദ്യാഭ്യാസം നൽകുവാനായി എത്ര കോളേജുകൾ നിലവിലുണ്ട് ; എവിടെയെല്ലാം ; നിലവിലുള്ളവയിലൂടെ എത്ര വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സൗകര്യം ലഭിക്കുന്നു ; വിശദാംശം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും കാർഷിക മേഖലയിൽ കൂടുതൽ കോളേജുകൾ തുടങ്ങുവാനും അതിലൂടെ കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരം നൽകുവാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതോടൊപ്പം കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സമഗ്രമായ പരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റഡ് കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ടി കെ.എ.യു. ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ജനറൽ കൗൺസിൽ തീരുമാനപ്രകാരം മേൽ നടപടികൾ എടുത്തുവരുന്നു.

(ഇ) സർവ്വകലാശാലയിൽ താഴെപ്പറയുന്ന വിവിധ Centre of Excellence (മികവു കേന്ദ്രങ്ങൾ) തുടങ്ങുവാനുള്ള പദ്ധതി 2014-15 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. സമുദ്ര നിരപ്പിന് താഴെയുള്ള കാർഷിക സമ്പ്രദായത്തിലുള്ള ഗവേഷണ കേന്ദ്രം - കുമരകം
2. കാർഷിക യന്ത്രവൽക്കരണ ഗവേഷണ വിജ്ഞാന വ്യാപന പഠനകേന്ദ്രം - മണ്ണുത്തി
3. കാർഷിക ബയോടെക്നോളജി പഠന കേന്ദ്രം - വെള്ളായണി
4. നെൽക്കൃഷി ഗവേഷണ മികവുകേന്ദ്രം - പട്ടാമ്പി
5. സുഗന്ധവിളകൾ, ശീതകാല പച്ചക്കറികൾ, മിതശീതോഷ്ണ പഴവർഗ്ഗവിളകൾ എന്നിവയിലും അനുയോജ്യതാ പഠന വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കുമുള്ള കേന്ദ്രം - അമ്പലവയൽ
6. ഹൈടെക് കൃത്യത കൃഷിയിട മികവു കേന്ദ്രം - മണ്ണുത്തി
7. സൂക്ഷ്മാണു വിദ്യ മികവു കേന്ദ്രം - വെള്ളായണി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly